# 2. ചേരിചേരാ രാഷ്ട്രങ്ങളുടെ എട്ടാം സമ്മേളനം

1980 ഏപ്രിൽ 18–ാം തീയതിയാണ് 'സിംബാബ്വേ' എന്ന രാഷ്ട്രം ചരിത്രത്തിന്റെ താളുകളിൽ ആദ്യമായി സ്ഥലംപിടിച്ചത്. ഒരു ചെറിയ ന്യൂനപക്ഷം മാത്രമായ വെള്ളക്കാരുടെ വർണവിവേചന ഭരണത്തിൽനിന്നു മോചനം നേടാൻ പിടയുന്ന 'തെക്കേ ആഫ്രിക്ക'യുടെ തൊട്ട അയൽപക്കമായ ഈ പ്രദേശം അതിനു മുമ്പ് 'തെക്കൻ റൊഡേഷ്യ' എന്ന പേരിൽ, വെള്ളക്കാരാൽ ഭരിക്കപ്പെട്ടു വന്നു. സിംബാബ്വേയുടെ തലസ്ഥാനമായ 'ഹരാരേ' നഗരത്തിന് അന്ന് 'സാലിസ്ബറി' എന്നായിരുന്നു പേർ. ഈ നഗരത്തിലാണ്, 1986 സെപ്തംബർ 5–ാം തീയതി അവസാനിച്ച ചേരിചേരാ രാഷ്ട്രങ്ങളുടെ എട്ടാം സമ്മേളനം നടന്നത്. 'അധ്യാപകനും, സ്വാതന്ത്ര്യപ്പോരാളിയും രാജ്യതന്ത്രജ്ഞനും" എന്ന് രാജീവ് ഗാന്ധിയാൽ വിവരിക്കപ്പെട്ട, സിംബാബ്വേയുടെ രാഷ്ട്രപതി ആയ, റോബർട്ട് മുഗാബേ ആയിരുന്നു സമ്മേളനാധ്യക്ഷൻ. ഇനി മൂന്നു വർഷത്തേക്കു ചേരിചേരാസമ്മേളനത്തിന്റെ ഔപചാരിക നേതൃത്വം മുഗാബേയിൽ നിക്ഷിപ്തമായിരിക്കും.

ചേരിചേരാ രാഷ്ട്രങ്ങളുടെ ഏഴാം സമ്മേളനം ചേർന്നത് 1983 മാർച്ച് മാസത്തിൽ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ അധ്യക്ഷതയിൽ ദില്ലിയിലായിരുന്നു. ദില്ലിസമ്മേളനത്തിൽനിന്ന് ഹരാരേസമ്മേളനത്തിനുണ്ടായിരുന്ന വ്യത്യാസം ഒരു പത്രലേഖകൻ ഇങ്ങനെ ചൂണ്ടിക്കാണിച്ചിരിക്കുന്നു:

'ഹരാരേസമ്മേളനം തികച്ചും ജനകീയമായിരുന്നു. സിംബാബ്വേ പോലുള്ള ഒരു ദരിദ്രരാഷ്ട്രത്തിന് ഇത്തരമൊരു മഹാസമ്മേളനം നടത്താൻ കഴിയുകയില്ലെന്നു പ്രവചിച്ചിരുന്ന വിമർശകർക്ക് അവരുടെ വാക്കുകൾ വിഴുങ്ങേണ്ടിവന്നു. നേതാക്കൾക്കുവേണ്ടിയുള്ള മെർസിഡീസ് ബെൻസ് കാറുകളും പോലീസ് വാഹനങ്ങളും ഒഴിച്ചാൽ, അവിടെയുണ്ടായിരുന്ന കാറുകൾ എല്ലാംതന്നെ വ്യക്തികളുടേതായിരുന്നു. പത്തു ലക്ഷത്തിൽ താഴെ മാത്രം ജനങ്ങളുള്ള ഒരു നഗരത്തിൽ എഴുനൂറു കാറുകൾ തയ്യാറാക്കുകയെന്നതു ചില്ലറ കാര്യമല്ല. സമ്മേളനത്തിനു മുമ്പു ഡ്രൈവിങ് ലൈസൻസ് എടുക്കാൻ പരസ്പരം മത്സരിച്ചിരുന്ന പ്രസന്നവദനരായ കോളേജ് വിദ്യാർത്ഥികൾ ഏതുസമയത്തും ഈ കാറുകളിൽ യാത്രചെയ്യുന്നവരുടെ സൗകര്യം കാത്തു നില്പുണ്ടായിരുന്നു. സമ്പന്നരായ പൗരന്മാർ തങ്ങളുടെ വീടുകൾ വിദേശീയ അതിഥികൾക്ക് ഒഴിഞ്ഞുകൊടുത്ത് അകലെ താമസിക്കുന്ന സുഹൃത്തുക്കളുടെ വീടുകളിലേക്കു പോയി. അപ്പോഴും, ആക്രമണകാരിയായ ഒരു അയൽപക്കക്കാരന് (തെക്കേ ആഫ്രിക്കയിലെ വർണവിവേചന ഭരണകൂടത്തിന്) എതിരെ മനുഷ്യോചിതമായ അന്തസ്സു പുലർത്തുവാനുള്ള സമരത്തിൽ തങ്ങളെ സഹായിക്കാൻ വിദേശരാഷ്ട്രങ്ങളിൽനിന്നുവന്ന സഹോദരീസഹോദരന്മാർക്കുവേണ്ടി, തങ്ങളുടെ വീടുകളിലെ അടുക്കളകളും മറ്റു സൗകര്യങ്ങളും സാധാരണപോലെ പ്രവർത്തിക്കുന്നുണ്ടെന്ന് അവർ ഉറപ്പുവരുത്തി. ഇത്തരം ത്യാഗങ്ങൾ ഇന്ത്യയിൽ പ്രതീക്ഷിക്കാനേ വയ്യ. വെള്ളക്കാരും കറുത്തവരുമായ സിംബാബ്വേക്കാർ ഏറ്റവുമധികം മര്യാദക്കാരും ആഹ്ലാദശീലരും പരിഷ്കൃതരും ആണ്. തങ്ങളുടെ ഭാഗം അവർ ശരിക്കു നിറവേ

ററി. അവരിൽനിന്നു് ഇന്ത്യക്കാർക്കു വളരെ പഠിക്കാനുണ്ടു്. അവരുടെ രാഷ്ട്രാഭിമാനം എടുത്തുപറയേണ്ടതാണു്.'

(ഫ്രണ്ടു്ലൈൻ, സെപ്തംബർ 20)

നൂററൊന്നു രാഷ്ട്രങ്ങൾക്കു് അംഗത്വമുണ്ടെങ്കിലും, ചേരിചേരാ സമ്മേളനം രാഷ്ട്രങ്ങളുടെ ഒരു സംഘടനയെന്നതിലേറെ ജനങ്ങളുടെ ഒരു പ്രസ്ഥാനമാണു് ഇപ്പോഴും. ഈ വസ്തുത ഉള്ളിൽവെച്ചുവേണം സമ്മേളനത്തിന്റെ ജയാപജയങ്ങൾ വിലയിരുത്താൻ.

രണ്ടാം മഹായുദ്ധത്തിനുശേഷം, കോളനിവാഴ്ച അവസാനിച്ചതിനെ ത്തുടർന്നുളവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി, നവസ്വതന്ത്ര രാഷ്ട്രങ്ങളുടെ മുൻനിര—തലവന്മാരായ ജവാഹർലാൽ നെഹ്റു, മാഷ്ൽ ടിറേറാ, ഗമാൽ അബ്ദുൽ നാസർ എന്നിവരുടെ നേതൃത്വത്തിൽ, 1961—ൽ യൂഗോസ്ലാവിയയുടെ തലസ്ഥാനമായ ബെൽഗ്രേഡിൽ ചേർന്ന സമ്മേളനമാണു ചേരിചേരാപ്രസ്ഥാനത്തിനു തുടക്കം കുറിച്ചതു്. കമ്യൂണിസവും മുതലാളിത്തവും തമ്മിലുള്ള മത്സരം ഐക്യരാഷ്ട്രസംഘടനയെ ദുർബലമാക്കിയിരിക്കുകയാൽ, കൊളോണിയലിസം പൂർണമായി അവസാനിപ്പിക്കുക, വർണ്ണവിവേചനം നിയമവിരുദ്ധമാക്കുക, നവസ്വതന്ത്രങ്ങളായ ദരിദ്രരാഷ്ട്രങ്ങളെ സാമ്പത്തികമായി വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി, കമ്യൂണിസ്റ്റു് (സോവിയററു്) ചേരിയിലോ, മുതലാളിത്ത(അമേരിക്കൻ)ചേരിയിലോ പെടാത്ത രാഷ്ട്രങ്ങൾ പരസ്പരം കൂടിയാലോചിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതിനു സഹായിക്കുന്ന ഒരു പൊതുവേദി നിലവിൽ വരുത്തുകയായിരുന്നു പ്രസ്ഥാനപ്രണേതാക്കളുടെ ലക്ഷ്യം. സ്വാഭാവികമായും കമ്യൂണിസ്റ്റു്—മുതലാളിത്തചേരികൾ രണ്ടും ഈ പ്രസ്ഥാനത്തെ സംശയദൃഷ്ട്യാ വീക്ഷിച്ചു. എന്നാൽ, ചേരിചേരാപ്രസ്ഥാനത്തെ അനുകൂലിക്കുന്നതു് തങ്ങളുടെ താല്പര്യങ്ങൾക്കു് അനുഗുണമാണെന്നു് കമ്യൂണിസ്റ്റു്ചേരി വളരെ വേഗം മനസ്സിലാക്കി. അതേസമയം, ചേരിചേരാപ്രസ്ഥാനത്തെ 'അസാന്മാർഗ്ഗികം' എന്നു പറഞ്ഞു് അധിക്ഷേപിക്കുകയാണു മുതലാളിത്തച്ചേരിയുടെ നേതാക്കളായ അമേരിക്കയും ബ്രിട്ടനും ചെയ്തതു്. പ്രസ്ഥാനത്തോടു് അമേരിക്കയുടെ എതിർപ്പു് ഇപ്പോഴും തുടരുന്നുണ്ടു്. സിംബാബ്വേയിൽ കൃഷിവികസനത്തിനു് അമേരിക്ക നല്കിയിരുന്ന ധനസഹായം പിൻവലിച്ചതായി അമേരിക്കൻ പ്രസിഡണ്ടു് റേയ്ഗൻ പ്രസ്താവിച്ചതു് ഹരാരേസമ്മേളനം നടന്നുകൊണ്ടിരിക്കേ ആണു്. ഈ ആണ്ടിൽ കൊടുക്കാമെന്നുവെച്ചിരുന്ന ഒരുകോടി മുപ്പത്തഞ്ചുലക്ഷം ഡോളറും അടുത്ത ആണ്ടിൽ കൊടുക്കുമായിരുന്ന രണ്ടുകോടി ഡോളറും കൊടുക്കാതിരിക്കാൻ കാരണം പറഞ്ഞതു്, കഴിഞ്ഞ ജൂലൈമാസത്തിൽ ഹരാരേയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ, തെക്കേ ആഫ്രിക്കയെ അനുകൂലിക്കുന്ന അമേരിക്കയുടെ നയത്തെ സിംബാബ്വേയിലെ ഒരു മന്ത്രി പരസ്യമായി വിമർശിച്ചു എന്നതായിരുന്നു. എങ്കിലും, റേയ്ഗനെ പ്രകോപിപ്പിച്ച മുഖ്യവസ്തുത, ഹരാരേയിൽ ചേരിചേരാസമ്മേളനം നടന്നു എന്നതു തന്നെയാണു്. നൂററൊന്നു രാഷ്ട്രങ്ങൾ ചേരിചേരാസമ്മേളനത്തിൽ അംഗങ്ങളായിരുന്നിട്ടും, ഹരാരേയിൽ എത്തിച്ചേർന്നതു് നാല്പത്തൊമ്പതു രാഷ്ട്രനേതാക്കൾ മാത്രമായിരുന്നു. ദക്ഷിണേഷ്യയിലെയും അറബിനാടുകളിലെയും ലാററിൻ അമേരിക്കയിലെയും കാരീബിയൻ പ്രദേശത്തെയും പല രാഷ്ട്രനേതാക്കളും സ്വയം സമ്മേളനത്തിനു ചെല്ലാതെ, നയതന്ത്രപ്രതിനിധികളേയും മററും അയച്ചു്, തങ്ങളുടെ രാഷ്ട്രങ്ങളുടെ സാന്നിധ്യം സമ്മേളനത്തിൽ പേരിനുമാത്രം നിലനിർത്തുകയാണുചെയ്തതു്. ബംഗ്ലാദേശിലെയും ശ്രീലങ്കയിലെയും രാഷ്ട്രത്തലവന്മാർ സമ്മേളന

ത്തിൽ ഹാജരാവാത്തവരിൽപ്പെടുന്നു. ഇതിനു മുമ്പ് ദില്ലിയിൽ നടന്ന ഏഴാം സമ്മേളനത്തിൽ അറുപത്തേഴു രാഷ്ട്രത്തലവന്മാർ സന്നിഹിതരായിരുന്നു. ഹരാരേസമ്മേളനത്തിൽ ഹാജരാകാതിരിക്കാൻ അമേരിക്ക ചെലുത്തിയ സമ്മർദം പല രാഷ്ട്രത്തലവന്മാരെയും ഒടിച്ചില്ലെങ്കിലും വളയ്ക്കുകയെങ്കിലുംചെയ്തിരിക്കണം.

1964—ൽ ഈജിപ്റ്റിലെ കൈറോവിൽ നാസറുടെയും 1970—ൽ ഗാംബിയയിലെ ലുസാക്കായിൽ കെന്നത്ത് കൗണ്ഡയുടെയും, 1973—ൽ അൽജേറിയയിലെ അൽജിയേർസിൽ ബൗമെഡിയെൻറയും, 1976—ൽ ശ്രീലങ്കയിലെ കൊളംബിൽ സിരിമാവോവിൻറയും, 1979—ൽ ക്യൂബയിലെ ഹവാനയിൽ കാസ്ട്രോവിൻറയും, 1983—ൽ ദില്ലിയിൽ ഇന്ദിരാഗാന്ധിയുടെയും അദ്ധ്യക്ഷതയിലാണ് രണ്ടുമുതൽ ഏഴുവരെയുള്ള ചേരിചേരാസമ്മേളനങ്ങൾ നടന്നതു്. ചേരിചേരാസമ്മേളനത്തിൽ അംഗങ്ങളായ രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിൽ കടുത്ത അഭിപ്രായവ്യത്യാസങ്ങൾ നിലവിലുണ്ടു്. സമ്മേളനാംഗങ്ങളായ ഇറാനും ഇറാഖും അത്യന്തം വിനാശകരമായ ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ക്യൂബയെപ്പോലെ ചില രാഷ്ട്രങ്ങൾ കമ്യൂണിസ്റ്റ്ചേരിയോടും പാകിസ്ഥാനെപ്പോലെ ചില രാഷ്ട്രങ്ങൾ അമേരിക്കൻചേരിയോടും അടുത്ത ബന്ധം പുലർത്തുന്നുമുണ്ടു്. ഇക്കാരണങ്ങളാൽ, വിശാലങ്ങളായ തത്ത്വങ്ങളിൽ ഏകീകൃതമായ അഭിപ്രായവും പൊതുനയവും രൂപവല്ക്കരിക്കാനല്ലാതെ, ഉടൻ പ്രവൃത്തിയിൽ വരുത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച വിശദാംശ—നിർദേശങ്ങളടങ്ങിയ പ്രമേയങ്ങൾ പാസ്സാക്കാൻ ചേരിചേരാസമ്മേളനങ്ങൾക്കു കഴിയാറില്ല. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ വോട്ടിനിട്ടു തീരുമാനിക്കുന്ന പതിവും ഈ സമ്മേളനങ്ങളിലില്ല.

ഹരാരേ സമ്മേളനത്തിനുശേഷം നൂറ്റിത്തൊണ്ണൂറ്റേഴു പേജുകളുള്ള ഒരു മാർഗനിർദേശകരേഖ പ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. തെക്കേ ആഫ്രിക്കയിലെ വർണവിവേചന—ന്യൂനപക്ഷ ഭരണത്തോടുള്ള എതിർപ്പായിരുന്നു ഹരാരേ സമ്മേളനത്തിൻെറ മുമ്പിലുണ്ടായിരുന്ന മുഖ്യവിഷയം. തെക്കേ ആഫ്രിക്കയ്ക്കകത്തു് സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന കറുത്തവർഗക്കാർക്കു സൈനികസഹായം എത്തിക്കാനൊന്നും ചേരിചേരാസമ്മേളനം ആഹ്വാനം നൽകിയില്ല. എങ്കിലും, തെക്കേ ആഫ്രിക്കയുടെ സാമ്പത്തികനടപടികൾമൂലം കടുത്ത നഷ്ടം അനുഭവിക്കേണ്ടിവരുന്ന ലെസോത്തോ, സ്വാസിലാൻഡ്, മൊസാംബിക്, ബോട്സ്വാന, സിംബാബ്വേ, സാംബിയ, മലാവി, ടാൻസാനിയ, സൈർ, അംഗോള എന്നീ അതിർത്തി(ഫ്രണ്ട്ലൈൻ) രാഷ്ട്രങ്ങൾക്കു സാമ്പത്തികസഹായം എത്തിക്കുന്നതിനായി, രാജീവ് ഗാന്ധി അദ്ധ്യക്ഷനായി 'ആഫ്രിക്കഫണ്ട്' എന്ന ഒരു നിധി സമ്മേളനത്തിൽവെച്ചു രൂപവൽക്കരിച്ചു എന്നതു് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. ആഫ്രിക്കൻ രാഷ്ട്രങ്ങൾക്കു സാങ്കേതികവും സാമ്പത്തികവുമായി സഹായം ഇന്ത്യ വാഗ്ദാനംചെയ്തിട്ടുണ്ടു്. ഈ വാഗ്ദാനം പ്രായോഗികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുമുണ്ടു്.

കമ്യൂണിസ്റ്റ്ചേരി ചേരിചേരാരാഷ്ട്രങ്ങളുടെ 'സ്വാഭാവികമിത്രം' ആണെന്ന ധാരണ ഇതിനകം വേരൂന്നിക്കഴിഞ്ഞിരിക്കുന്നു. അമേരിക്കൻ ചേരിക്കെതിരെ കടുത്ത വിമർശനങ്ങൾ ഹരാരേസമ്മേളനത്തിൽ ഉയർന്നു കേൾക്കാതിരുന്നില്ല. തന്നെ കൊല്ലാനായി അമേരിക്കൻവിമാനങ്ങൾ ട്രിപ്പൊളീനഗരത്തിൽ ബോംബാക്രമണം നടത്തിയപ്പോൾ ഒന്നും പ്രവർത്തിക്കാതിരുന്ന ചേരിചേരാസമ്മേളനം നിഷ്പ്രയോജനമാണെന്നും, താൻ അതിൽനിന്നു വിട്ടുപോകുന്നതിനെപ്പറ്റി

ആലോചിക്കുകയാണെന്നും ലിബിയയിലെ കേണൽ ഗദ്ദാഫി നാടകീയമായ ഒരു പ്രസംഗത്തിൽ പ്രഖ്യാപിച്ചു. (മററു ചില കാരണങ്ങളാൽ ബർമ മുമ്പു സമ്മേളനാംഗത്വം രാജിവെച്ചിട്ടുണ്ട്.) ദരിദ്രരാജ്യങ്ങൾക്ക് ഇപ്പോൾത്തന്നെ എണ്പതിനായിരം കോടി ഡോളർ കടമുണ്ടെന്നും, ഇതു് അടച്ചുതീർക്കുക സാദ്ധ്യമല്ലെന്നും, അതിനാൽ ഈ കടം മുഴുവനും എഴുതിത്തള്ളണമെന്നും ക്യൂബയിലെ ഫിദേൽ കാസ്ത്രോ വാദിച്ചു. പക്ഷേ, രാജീവ് ഗാന്ധിയും മുഗാബേയും അടക്കമുള്ള നേതാക്കൾ ഈമാതിരി കാര്യങ്ങളിൽ മദ്ധ്യമാർഗം സ്വീകരിക്കാനാണു് ഇഷ്ടപ്പെട്ടതു്. ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തിനെതിരായ സമരം ശക്തിപ്പെടുത്തുക എന്ന മുഖ്യലക്ഷ്യത്തിൽനിന്നു സമ്മേളനത്തിൻെറ ശ്രദ്ധ വ്യതിചലിക്കാൻ അവർ അനുവദിച്ചില്ല.

മൂന്നുകൊല്ലം കഴിഞ്ഞു്, സമ്മേളനത്തിൻെറ അടുത്ത തലവൻ ആരായിരിക്കും? ഏതു രാജ്യത്തുവെച്ചു വേണം അടുത്ത സമ്മേളനം ചേരുക? ഇക്കാര്യത്തിൽ തീരുമാനം നീട്ടിവെച്ചിരിക്കുകയാണു്. തെക്കേ അമേരിക്കയിലെ നിക്കാറാഗ്വയിൽ വേണം അടുത്ത സമ്മേളനമെന്നു പലർക്കും അഭിപ്രായമുണ്ടായിരുന്നു. നിക്കാറാഗ്വയിലെ ജനങ്ങൾ തെരഞ്ഞെടുത്ത ഭരണകൂടത്തിനു് എതിരായ കലാപങ്ങളെ നേരിട്ടും പണം കൊടുത്തും പ്രോത്സാഹിപ്പിക്കുന്ന അമേരിക്കയുടെ മുഖത്തു് ഒരു അടികൊടുക്കുകയാണു് നിക്കാറാഗ്വയിൽ ചേരിചേരാസമ്മേളനം കൂടുന്നതുകൊണ്ടു് ഉദ്ദിഷ്ടം. പക്ഷേ, നിക്കാറാഗ്വൻ താല്പര്യങ്ങളെ തൽക്കാലത്തേക്കെങ്കിലും കൂടുതൽ അപകടത്തിലാക്കുകയായിരിക്കും ഈ നീക്കത്തിൻെറ ഫലം.

'ലോകപൊതുജനാഭിപ്രായം, ലോകമനസ്സാക്ഷി എന്നെല്ലാം വിളിക്കപ്പെടുന്നതു് ചേരിചേരാരാഷ്ട്രങ്ങളുടെ പൊതുവായ അഭിപ്രായമല്ലാതെ മററൊന്നുമല്ല എന്ന നില ഇതിനകം വന്നുകൂടിയിട്ടുണ്ടു്' എന്നു് മൂന്നു വർഷം മുമ്പു്, 1983 ഫെബ്രുവരി 13-ാം തീയതി, ഞാൻ എഴുതിയിരുന്നു. ഇടത്തും വലത്തുമുള്ള ഉഗ്രവാദക്കാരിൽനിന്നു് എന്തെല്ലാം പ്രതിഷേധങ്ങൾ ഉയർന്നാലും, ഇന്നും സ്ഥിതി ഇതുതന്നെ. ലോകമനസ്സാക്ഷിക്കു സ്വയം ആവിഷ്കരിക്കുന്നതിനുള്ള ഒരു പൊതുവേദി ഒരുക്കുകവഴി സമകാലചരിത്രത്തിൽ അതിപ്രധാനമായ ഒരു ഭൂമികയാണു് ചേരിചേരാസമ്മേളനം നിർവഹിക്കുന്നതു്. ഇന്ദിരാഗാന്ധിയുടെ നിര്യാണത്തിനു ശേഷം, ചേരിചേരാസമ്മേളനത്തിൻെറ നേതൃത്വം സ്തുത്യർഹമായ വൈദഗ്ദ്ധ്യത്തോടെ രാജീവ് ഗാന്ധി നിർവഹിക്കുകയുണ്ടായി. ഇപ്പോൾ ആ നേതൃത്വം, 'കമ്യൂണിസ്റ്റു്' എന്നു് അമേരിക്കൻചേരിക്കാർ ആക്ഷേപിക്കുന്ന മുഗാബേയുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു. ചേരിചേരാസമ്മേളനത്തിൻെറ ബലമെന്നപോലെ ദൗർബ്ബല്യവും താൻ മനസ്സിലാക്കിയിട്ടുണ്ടെന്നു് ഹരാരേസമ്മേളനം അതിസാമർത്ഥ്യത്തോടെ നിയന്ത്രിച്ചതിലൂടെ മുഗാബേ തെളിയിച്ചിട്ടുണ്ടു്.

ശതാബ്ദങ്ങളായി അടിച്ചമർത്തപ്പെട്ടിരുന്ന മനുഷ്യവർഗങ്ങളുടെ അന്തസ്സു വീണ്ടെടുക്കുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ പ്രസ്ഥാനത്തിൽ നമുക്കു സ്ഥിരമായ താല്പര്യം ഉണ്ടാവണം. ചേരിചേരായ്മ എന്ന ആശയം ആവിഷ്കരിച്ചതു് വി. കെ. കൃഷ്ണമേനോനും അതിനു പ്രായോഗികരൂപം നൽകിയതു് ജവാഹർലാൽ നെഹ്റുവും ആയിരുന്നു. ഇന്ത്യ ചേരിചേരാപ്രസ്ഥാനത്തിനു് ഇന്നോളം നൽകിവന്ന നേതൃത്വത്തെച്ചൊല്ലി എല്ലാ ഇന്ത്യാക്കാർക്കും അഭിമാനിക്കാം. മനുഷ്യമോചനപ്രസ്ഥാനത്തിൻെറ ഒരു മുഖ്യപോഷകധാരയാണു് ചേരിചേരാപ്രസ്ഥാനം. അതിനെ ഭാരത സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ തുടർച്ചയായിക്കണ്ട നമ്മുടെ നേതാക്കളുടെ ഹൃദയവിശാലതയെ വാഴ്ത്താതെ വയ്യ.

(25 സെപ്റ്റംബർ, 1986)